# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2780 — 10/12/2014 -ൽ മറുപടിക്ക്

# ചേർത്തലയിലെ ജപ്പാൻ കുടിവെള്ള വിതരണ പദ്ധതി

## ചോദ്യം

ശ്രീ. പി.തിലോത്തമൻ

(എ) ചേർത്തലയിലെ ജപ്പാൻ കുടിവെള്ള വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതിനോടകം ചെലവഴിച്ച തുക എത്രയാണെന്ന് പറയാമോ; അതിൽ ഈ സർക്കാരിന്റെ കാലയളവിൽ ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ചേർത്തല താലൂക്കിൽ ഇതിനോടകം എത്ര കുടിവെള്ള കണക്ഷനുകൾ നൽകി എന്നത് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ചുള്ള കണക്ക് നൽകുമോ;

## മറുപടി

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) ചേർത്തലയിലെ ജപ്പാൻ കുടിവെള്ള വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതിനോടകം 434.50 കോടി രൂപ ചെലവഴിച്ചു. അതിൽ ഈ സർക്കാരിന്റെ കാലയളവിൽ ചെലവഴിച്ച തുക 64.54 കോടി രൂപയാണ്.

(ബി) ചേർത്തല താലൂക്കിൽ ഇതിനോടകം നൽകിയ കുടിവെള്ള കണക്ഷനുകളുടെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| നം. | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | കുടിവെള്ള കണക്ഷനുകളുടെ എണ്ണം |
|---|---|---|
| 1 | പള്ളിപ്പുറം | 1120 |
| 2 | തൈക്കാട്ടുശ്ശേരി | 1724 |
| 3 | പാണാവള്ളി | 1676 |
| 4 | അരൂകുറ്റി | 1968 |
| 5 | പെരുമ്പളം | 271 |
| 6 | മുഹമ്മ | 805 |
| 7 | കഞ്ഞിക്കുഴി | 398 |
| 8 | തണ്ണീർമുക്കം | 1869 |
| 9 | മാരാരിക്കുളം വടക്ക് | 691 |
| 10 | ചേർത്തല തെക്ക് | 1148 |
| 11 | കടക്കരപ്പള്ളി | 1178 |
| 12 | വയലാർ | 925 |
| 13 | പട്ടണക്കാട് | 1428 |

JSK/

| | | |
|---|---|---|
| 14 | തുറവൂർ | 1556 |
| 15 | കത്തിയതോട് | 1625 |
| 16 | കോടംതുരുത്ത് | 1729 |
| 17 | എഴുപുന്ന | 2238 |
| 18 | അരൂർ | 3520 |
| 19 | ചേർത്തല മുനിസിപ്പാലിറ്റി | 2572 |
| | **ആകെ** | **28441** |

(സി) ജപ്പാൻ കുടിവെള്ള പൈപ്പ് ലൈനുകൾ പൊട്ടുകയും റോഡുകളും വീടുകളും തകരുകയും കൃഷിയും മറ്റും നശിക്കുകയും നിത്യസംഭവമാകുന്നത് പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനമുണ്ടോ; ഇതിന് കാരണക്കാരായവർക്കെതിരെ ഈ സർക്കാർ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ; ഇവരിൽ നിന്നും നഷ്ടപരിഹാരമായി ഈടാക്കിയ തുക എത്രയാണ്?

(സി) പൈപ്പുകൾ പൊട്ടി നാശനഷ്ടം ഉണ്ടാകുമ്പോൾ ജല അതോറിറ്റി ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, റവന്യൂ അധികൃതർ, എം.എൽ.എ മാർ, എം.പി മാർ തുടങ്ങിയ ജനപ്രതിനിധികൾ പ്രസ്തുത സ്ഥലം പരിശോധിക്കുകയും നാശനഷ്ടങ്ങൾ വിലയിരുത്തുകയും നഷ്ടപരിഹാരം നൽകി വരികയും ചെയ്യുന്നു. പൈപ്പ് പൊട്ടലിന്റെ കാരണത്തെ സംബന്ധിച്ച വിഷയം അന്വേഷണ ഘട്ടത്തിലാണ്. ആയത് പൂർത്തിയാകുമ്പോൾ മാത്രമേ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിക്കണമെന്ന് തീരുമാനിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ